# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2931** **18.08.2017-ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട്ടിലെ മത്സ്യമാർക്കറ്റിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട വെഞ്ഞാറമൂട്ടിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയായോ; | എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട വെഞ്ഞാറമൂട്ടിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന 237.04 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് 06.06.2016-ൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |
| ബി) എങ്കിൽ എന്തുകൊണ്ടാണ് അതിന്റെ പ്രവർത്തനം ആരംഭിക്കാത്തത്; | ബി) നെല്ലനാട് ഗ്രാമപഞ്ചായത്തിന് ടി മാർക്കറ്റ് കൈമാറ്റം ചെയ്തുവെങ്കിലും നാളിതുവരെ പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. |
| സി) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | സി) പദ്ധതി രൂപരേഖയ്ക്കനുസരിച്ചുള്ള എല്ലാവിധ പ്രവർത്തനങ്ങളും പൂർത്തീകരിച്ചാണ് മാർക്കറ്റ് കെട്ടിടം ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുള്ളത്. മാർക്കറ്റ് പ്രവർത്തനം ആരംഭിക്കാതിരിക്കാനുള്ള മറ്റു വിവരങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ആഫീസർ**